"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-ആലപ്പുഴ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിലെ CPO A 6954 ശ്രീ.മനീഷ് എം. മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.3577/2025/HOME തീയതി,തിരുവനന്തപുരം, 18-10-2025

---

പരാമർശം:- 1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 04/01/2025, 28/08/ 2025 തീയതികളിലെ ഇ5-218096/2024/PHQ നം.കത്തുകൾ

**ഉത്തരവ്**

ആലപ്പുഴ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിലെ CPO A 6954 ശ്രീ.മനീഷ് എം., താൻ സ്റ്റേഷൻ വാച്ച് ഡ്യൂട്ടി കഴിഞ്ഞ് തിരികെ പോകും വഴിക്ക് വാഹനാപകടത്തിൽ ഇടത് കൈപ്പെത്തിക്കും വിരലിനും ഒടിവ് സംഭവിച്ചത് കാരണം അവധിയിലായിരുന്ന 06/04/2024 തീയതി മുതൽ 04/07/2024 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ആയത് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മനീഷ് എം.-ന് സംഭവിച്ച പരിക്ക് ഡ്യൂട്ടിക്കിടയിലാണെന്ന് ആലപ്പുഴ ജില്ലാ പോലീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 05/07/2024 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ആലപ്പുഴ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിലെ CPO A 6954 ശ്രീ.മനീഷ് എം. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് മെഡിക്കൽ അവധിയിലായിരുന്ന 06/04/2024 തീയതി മുതൽ 04/07/2024 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.മനീഷ് എം., CPO A 6954 (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
സെക്ഷൻ ഓഫീസർ
Date: 18-10-2025 15:59:15